''ഭരണഭാഷ - മാതൃഭാഷ''

വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/17861/15(1)

ചാക്ക, തിരുവനന്തപുരം
തീയതി: 9.11.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2016 (സെമസ്റ്റർ സ്കീം) - പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ച് ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തിയാൽ മാത്രമേ ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ എന്നുള്ള വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

-----------

ആഗസ്റ്റ് 2014 ൽ അഡ്മിഷനായ ട്രെയിനികൾക്ക് ജനുവരി 2016 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് ഒന്ന്/രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി). മൂന്നാം സെമസ്റ്റർ (റഗുലർ) എന്നീ പരീക്ഷകൾ എഴുതുന്നതിനും ആഗസ്റ്റ് 2015 ൽ അഡ്മിഷനായ ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (റഗുലർ) ആയി പരീക്ഷ എഴുതുന്നതിനും വേണ്ടിയുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ട്രെയിനികൾക്ക് പ്രസ്തുത ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള ഹാൾടിക്കറ്റുകൾ എം.ഐ.എസ് പോർട്ടൽ മുഖേനയാണ് ഡി.ജി.റ്റി. വിതരണം നടത്തുന്നത്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ടി പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ്. സെക്ഷനിൽ നിന്ന് അറിയിക്കുന്ന മുറക്ക് എം.ഐ.എസ്. പോർട്ടലിൽ അതത് സ്ഥാപനമേധാവികൾ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തിയാൽ മാത്രമേ ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ. ഇപ്രകാരം പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച് ട്രെയിനകളുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്താതിരിക്കുകയും ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിന് അതത് സ്ഥാപനമേധാവികൾക്ക് മാത്രമാണ് ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി /
സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/9.11